## പതിന്നാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **3938** — **21/10/2016** ൽ മറുപടിക്ക്

## തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം. വിൻസെന്റ്** | **ശ്രീ. കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| എ) | കഴിഞ്ഞ മൂന്ന് മാസത്തിനുള്ളിൽ എത്ര പേർക്കാണ് തെരുവ് നായ്ക്കളുടെ കടിയേറ്റത്; തെരുവ് നായ്ക്കളുടെ കടിയേറ്റ് മരണം സംഭവിച്ചവർ എത്ര; | എ) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കഴിഞ്ഞ 3 മാസത്തിനുള്ളിൽ 1935 പേർക്ക് തെരുവ് നായ്ക്കളുടെ കടിയേൽക്കുകയും 3 പേർക്ക് മരണം സംഭവിക്കുകയും ചെയ്തിട്ടുള്ളതായി വിവരം ലഭ്യമായിട്ടുണ്ട്. നഗരപ്രദേശത്ത് നിന്നുള്ള വിവരം ശേഖരിച്ചുവരുന്നു. |
| ബി) | തെരുവ് നായ്ക്കളെ ഇല്ലായ്മ ചെയ്യുവാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; സ്വീകരിച്ച നടപടികൾ മൂലം തെരുവ് നായ്ക്കളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടോ; | ബി) തെരുവ് നായ്ക്കളെ കൊല്ലുന്നതിന് നിലവിൽ വ്യവസ്ഥയില്ല. എന്നാൽ തെരുവ് നായ്ക്കളുടെ വർദ്ധനവ് നിയന്ത്രിക്കുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) | തെരുവ് നായ്ക്കളെ കൊല്ലുന്നതിൽ നിന്ന് വിലക്കുന്ന ഏതെങ്കിലും നിയമങ്ങളോ, കോടതി / സർക്കാർ ഉത്തരവുകളോ നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ഉത്തരവുകൾ, നിയമങ്ങൾ എന്ന് വ്യക്തമാക്കാമോ? | സി) 1960 -ലെ മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത തടയൽ ആക്ടിലെ 11(3)-ാം വകുപ്പ് പ്രകാരം പേവിഷബാധയേറ്റ നായ്ക്കളെ മാത്രമേ നശിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. അനിമൽ ബർത്ത് കൺട്രോൾ റൂൾ 2001 -ലെ റൂൾ 9 പ്രകാരം മാരകമായി മുറിവേറ്റതും ചികിത്സിച്ച് ഭേദമാക്കാൻ കഴിയാത്തതുമായ നായ്ക്കളെ മാത്രമേ ദയാവധത്തിലൂടെ ഇല്ലാതാക്കാൻ സാധിക്കുകയുള്ളൂ.<br><br>ബഹു. സുപ്രീംകോടതിയുടെ SLP 691/2009-ന്മേലുള്ള വിധിന്യായ പ്രകാരവും മേൽ നിയമങ്ങൾ പാലിച്ചുള്ള നടപടി സ്വീകരിക്കുവാനാണ് നിർദ്ദേശം ഉണ്ടായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ